ഉത്തരം

(എ) പെരിങ്ങോം - വയക്കര പഞ്ചായത്തിൽ 9 ഐ.എച്ച്.ഡി.പി. കോളനികൾ ഉണ്ട്. മറ്റു പഞ്ചായത്തുകളിൽ ഐ.എച്ച്.ഡി.പി. കോളനികൾ ഇല്ല.

(ബി) ആക്ഷൻ പ്ലാൻ അനുസരിച്ച് ഓരോ ഐ.എച്ച്.ഡി.പി. കോളനികളിലും നടപ്പിലാക്കുവാനുള്ള പദ്ധതികളുടെയും ഇതിനകം നടപ്പിലാക്കിയ പദ്ധതികളുടെയും വിശദവിവരം ശേഖരിച്ചു നൽകുന്നതാണ്.

യുവജനക്ഷേമത്തിനായി വിദഗ്ദ്ധ സമിതികൾ

23 (806) ശ്രീ. ജോസ് ബേബി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. രാജു :
ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-
പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനായി സംസ്ഥാനത്ത് വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വിദഗ്ദ്ധ സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും ഇവ എന്നാണ് രൂപീകരിച്ച തെന്നും അറിയിക്കുമോ;

(ബി) ഈ വിദഗ്ദ്ധ സമിതികൾ ഇതിനകം പ്രധാനപ്പെട്ട എന്തെല്ലാം ശുപാർശകൾ നൽകിയെന്നും, ഇവയിൽ ഏതെല്ലാം നടപ്പിലാക്കിയെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. 26.6.98-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 2480/98/പൊ.വി പ്രകാരം 6 എം.എൽ.എ.മാർ ഉൾപ്പെട്ട ഒരു പതിനഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(ബി) വിദഗ്ദ്ധ സമിതി റിപ്പോർട്ട് ഇനിയും ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

എസ്.സി.പി/ടി.എസ്.പി. പദ്ധതികളുടെ പ്രവർത്തനം

24(807) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ കമ്പോണന്റ് പ്ലാൻ/ട്രൈബൽ സബ്പ്ലാൻ (എസ്.സി.പി./ടി.എസ്.പി) പദ്ധതികളിൽ കഴിഞ്ഞ സാമ്പത്തിക വർഷം വരെ വിവിധ വകുപ്പുകളിലായി ചെലവഴിക്കാത്ത ട്രഷറി അക്കൗണ്ടുകളിൽ ബാക്കി നിൽക്കുന്ന തുക എത്രയുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽ കഴിഞ്ഞകാല സാമ്പത്തിക വർഷങ്ങളിൽ തുടങ്ങിവച്ച പദ്ധതികൾ പൂർത്തീകരിക്കാൻ ഇനി എന്തു തുക വേണ്ടിവരും;

LIBRARY ARCHIVES Kerala Legislative Assembly